ഉത്തരം

(എ) ഇല്ല. കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ ഭാഗമായ ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽ പ്രധാന വരുമാനം ആർജ്ജിക്കുന്ന വ്യക്തി മരണപ്പെട്ടാൽ അവകാശിക്ക് 10,000 രൂപ ഒരു പ്രാവശ്യം ധനസഹായമായി നൽകുന്ന പദ്ധതി നിലവിലുണ്ട്. ടി കുടുംബത്തിന്റെ വാർഷിക വരുമാനം 11,000 രൂപയ്ക്ക് താഴെയായിരിക്കണം. ഈ ധനസഹായം ലഭിക്കുന്നവരിൽ ഭൂരിഭാഗം പേരും വിധവകളാണ്. പ്രസ്തുത ക്ഷേമ പദ്ധതി ജില്ലാ കളക്ടർമാർ നേരിട്ടാണ് നടപ്പിലാക്കി വരുന്നത്.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

വിധവാ പെൻഷൻ

31 (186) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിധവകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ എത്ര രൂപയാണ് പ്രതിമാസം വിതരണം ചെയ്യുന്ന വിധവാ പെൻഷൻ തുകയെന്ന് വ്യക്തമാക്കുമോ;

(ഡി) വിധവാ പെൻഷൻ കുടിശ്ശികയില്ലാതെ അതതുമാസം തന്നെ വിതരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) വിധവകൾക്കു വേണ്ടി പുതുതായി ഗവൺമെന്റ് എന്തെങ്കിലും ധനസഹായ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വിധവകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനാവശ്യമായ കണക്കുകൾ നിലവിൽ ലഭ്യമല്ല.

(ബി) സംസ്ഥാനത്ത് അഗതി (വിധവ)കൾക്കുള്ള പെൻഷൻ പദ്ധതിയിൻ കീഴിൽ നിലവിൽ 251704 ഗുണഭോക്താക്കളുണ്ട്.

(സി) ഇപ്പോൾ പ്രതിമാസ പെൻഷനായി 110 രൂപ നൽകുന്നു.

(ഡി) നിലവിലുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ അതതു മാസം നൽകുന്നതിലേക്കും മാർച്ച് മാസം 2006 വരെ പെൻഷൻ മുടങ്ങാതെ നൽകുന്നതിനും ആവശ്യമായ തുക (3980.60 ലക്ഷം രൂപ) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ഇതിനകംതന്നെ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

(ഇ) വിധവകൾക്കു വേണ്ടി പുതിയ ധനസഹായ പദ്ധതികളൊന്നും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly